ഹരിജൻ വെൽഫെയർ ഹോസ്പിറ്റൽ ജീവനക്കാരുടെ ആവശ്യങ്ങൾ

*418 [440] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജന ക്ഷേമ സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ഹരിജൻ വെൽഫെയർ ഹോസ്പിറ്റൽ ജീവനക്കാരുടെ ആവശ്യങ്ങൾ പരിഹരിച്ചു കൊടുക്കാത്തതിൻെറ പേരിൽ ജീവനക്കാർ മാർച്ച് 1-ാം തീയതി മുതൽ പണിമുടക്കുകയാണെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പണിമുടക്ക് ഒഴിവാക്കാൻ എന്തു നടപടിയാണ് ഗവൺമെൻറ് കൈക്കൊണ്ടിരിക്കുന്നത്;

(സി) അവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണ്?

ഹരിജനക്ഷേമ സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) യൂണിയൻ ഭാരവാഹികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ഒരു കോൺഫറൻസ് 26-2-1979 ൽ ഹരിജനക്ഷേമ വകുപ്പു മന്ത്രി വിളിച്ചുകൂട്ടി ജീവനക്കാരുടെ ആവശ്യങ്ങളെപ്പറ്റി ചർച്ച ചെയ്തു. അവരുടെ ആവശ്യങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുന്നു.

(സി) പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. ഹോസ്പിറ്റൽ കുക്ക്, സ്വീപ്പർ-കം-വാച്ച്മെൻ എന്നിവർക്ക് അറൻഡറുടെ ശമ്പളം അനുവദിക്കുക.

2. ഗവൺമെൻറ് കോസ്മോ പോളിറ്റൻ ഹോസ്പിറ്റൽ മെസ് ബോയ്സ്, സ്വീപ്പർ എന്നിവർക്ക് അറൻഡറുടെ ശമ്പളം അനുവദിക്കുക.

3. ജി. ആർ. ബി. ഹോസ്പിറ്റൽ സർവൻറുമാർക്ക് അറൻഡറുടെ ശമ്പളം അനുവദിക്കുക.

4. ഹോസ്പിറ്റൽ വാർഡർമാർക്ക് ടി. സി. വാർഡർമാരുടെ ശമ്പളം അനുവദിക്കുക.

5. എല്ലാ ജീവനക്കാർക്കും എച്ച്. ആർ. എ. അനുവദിക്കുക.

6. സീനിയോറിറ്റി അടിസ്ഥാനത്തിൽ ഹോസ്പിറ്റൽ ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ ഉടനെ അനുവദിക്കുക.

7. മേൽപ്പറഞ്ഞ ജീവനക്കാർക്കെല്ലാം യൂണിഫോറം അനുവദിക്കുക.

8. എല്ലാ ജീവനക്കാർക്കും ഹോസ്പിറ്റൽ ഭക്ഷണം സൗജന്യമായി അനുവദിക്കുക.

9. സർക്കാർ ഹരിജൻ . ഗിരിജൻ, ക്ഷേമ സർവ്വീസുകളിലേക്ക് പുറത്തു നിന്നും നേരിട്ടുള്ള നിയമനങ്ങളും ഇതര സർവ്വീസുകളിൽ നിന്നുള്ള നിയമനങ്ങളും ഒഴിവാക്കുക.

10. ഹരിജന . ഗിരിജന ക്ഷേമ വകുപ്പുകളും തമ്മിലുള്ള വ്യത്യാസം ഹോസ്പിറ്റൽ ജീവനക്കാർക്ക് ബാധകമാക്കാതിരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly